മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *151

ഡിജിറ്റൽ സയൻസ് പാർക്ക്

(*151) ശ്രീ. ആന്റണി ജോൺ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സാങ്കേതികവിദ്യാധിഷ്ഠിത വിജ്ഞാന വ്യവസായങ്ങൾക്ക് പിന്തുണ ലഭ്യമാക്കി അത്തരം വ്യവസായങ്ങളുടെ വിപുലീകരണത്തിനായി ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) അനുബന്ധമേഖലകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിവരസാങ്കേതികവിദ്യാ വ്യവസായം പ്രോത്സാഹിപ്പിക്കുന്ന നയം പ്രാവർത്തികമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് അത്യന്താധുനിക ഡിജിറ്റൽ നൈപുണ്യ വികസനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ,

(എ) 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ ഡിജിറ്റൽ സർവ്വകലാശാലയോട് ചേർന്ന് ഡിജിറ്റൽ സയൻസ് പാർക്ക് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പി.പി.പി. മാതൃകയിൽ സജ്ജമാക്കുന്ന പാർക്കിന് 200 കോടി രൂപയാണ് കിഫ്ബി മുഖാന്തരം നിക്ഷേപമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ടെക്നോപാർക്ക് നാലാം ഘട്ടമായ ടെക്നോസിറ്റിയിലെ 13.65 ഏക്കറിൽ ഡിജിറ്റൽ സർവ്വകലാശാലയോട് ചേർന്നാണ് ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കിമാറ്റുന്ന ട്രാൻസലേഷണൽ റിസർച്ച് സെന്ററായി പാർക്ക് പ്രവർത്തിക്കും. ഡിജിറ്റൽ സയൻസ് മേഖല കേന്ദ്രീകരിച്ചുള്ള ഇന്ത്യയിലെ ആദ്യത്തെ പാർക്കായിരിക്കും ഇത്. ഡിജിറ്റൽ ലോകത്തെ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന വിവിധ ബിസിനസ് യൂണിറ്റുകൾക്ക് പിന്തുണ നൽകുന്നതിനായി സയൻസ് പാർക്കുകളുടെ മൊത്തത്തിലുള്ള പൊതുവായ പ്രവർത്തനതത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഡിജിറ്റൽ സയൻസ് പാർക്ക് ആസൂത്രണം ചെയ്തിരിക്കുന്നത്. ഒരു മൂന്നാം തലമുറ

സയൻസ് പാർക്ക് എന്നനിലയിൽ, ക്ലസ്റ്റർ അധിഷ്ഠിതവും സംവേദനാത്മകവും നൂതനവുമായ തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് പാർക്ക് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഡിജിറ്റൽ സ്ഥാപനങ്ങളുടെ വളർച്ചയുടെ വിഭിന്നമായ സ്വഭാവത്തിനനുസൃതമായി സർവ്വകലാശാലകൾ, വ്യവസായം, സർക്കാർ എന്നിവയുൾപ്പെടുന്ന ട്രിപ്പിൾ ഹെലിക്സിൽ അധിഷ്ഠിതമായ ആശയവിനിമയങ്ങളുടെ നെറ്റ്‌വർക്ക് സംയോജനതത്വം പാലിച്ച് പാർക്ക് വികസിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുകയാണ് ലക്ഷ്യം.

ഭാവി സാങ്കേതികവിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, മെഡിക്കൽ ഇലക്ട്രോണിക്സ്, മെഡിക്കൽ മെറ്റീരിയൽസ്, ബയോടെക്നോളജി തുടങ്ങിയ മേഖലകൾക്കാണ് ഡിജിറ്റൽ സയൻസ് പാർക്ക് ഊന്നൽ നൽകുക. രാജ്യത്തിനകത്തും പുറത്തുമുള്ള സർവ്വകലാശാലകൾക്കും തദ്ദേശീയരും വിദേശിയരുമായ ഗവേഷകർക്കും ലഭ്യമായ സാങ്കേതികവിദ്യയിൽ പൂർണ്ണത വരുത്തി ഉൽപ്പാദന, സേവന മേഖലയിലേയ്ക്ക് കടക്കാനാകും. സർവ്വകലാശാലകളിൽ സൃഷ്ടിക്കപ്പെടുന്ന ബൗദ്ധിക സ്വത്തവകാശങ്ങളെ പ്രായോഗികതലത്തിൽ സംരംഭങ്ങളിലേയ്ക്കെത്തിക്കാനാവശ്യമായ സഹായം ലഭ്യമാക്കും.

വിജ്ഞാന സമ്പദ്ഘടന പ്രാവർത്തികമാക്കാൻ സഹായകമായ ഒട്ടേറെ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ ഇതിലൂടെ ആരംഭിക്കാനാകും. കേരളത്തിൽ വളരെയധികം വിജ്ഞാന വ്യവസായങ്ങൾക്ക് തുടക്കമിടാനും സാങ്കേതികവിദ്യാ നവീകരണത്തിനുള്ള നിക്ഷേപത്തിന്റെ വലിയഭാഗം പാർക്കിലൂടെ നിറവേറ്റാനുമാകും.

1515 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കിഫ്ബി ഫണ്ടിംഗ് 200 കോടി രൂപയിൽ പരിമിതിപ്പെടുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കി തുക വ്യവസായ പങ്കാളികളുൾപ്പെടെയുള്ള മറ്റ് സ്രോതസ്സിൽനിന്നും കണ്ടെത്തെനാണുദ്ദേശിക്കുന്നത്.

ടെക്നോസിറ്റിയിലെ കമ്പനി ബിൽഡിംഗിൽ വാടകയ്ക്കെടുക്കുന്ന 10000 ചതുരശ്രയടി സ്പേസിൽ ഡിജിറ്റൽ സയൻസ് പാർക്ക് അതിന്റെ പ്രാരംഭ പ്രവർത്തനങ്ങളാരംഭിക്കുന്നതാണ്. ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിൽ ഡിജിറ്റൽ സർവ്വകലാശാലയുമായി സഹകരിക്കാൻ എഡിൻബർഗ് സർവകലാശാല സമ്മതിക്കുകയും പ്രസ്തുത

സർവ്വകലാശാലയുമായി ഡിജിറ്റൽ സർവ്വകലാശാല ധാരണാപത്രത്തിൽ ഏർപ്പെടുകയുമുണ്ടായി. ദീർഘമായ മറുപടിയായതിനാൽ ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുന്നു.+

ശ്രീ. ആന്റണി ജോൺ: സർ, സംസ്ഥാനത്തിന് അനുയോജ്യമായ ഐ.ടി. വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാനത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ച ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള വിവിധ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. സംസ്ഥാനത്തെ ഒരു ഇലക്ട്രോണിക് ഹബ്ബാക്കുക, ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, അതിനായി സെമി കണ്ടക്ടർ പാർക്കും അനുബന്ധ വ്യവസായ യൂണിറ്റും ആരംഭിക്കുന്നതിന് ഇപ്പോൾ നടപടിയാരംഭിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായാണ് ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നത്. ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററായി ഈ പാർക്ക് പ്രവർത്തിക്കും. നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള പുതിയ സംരംഭങ്ങൾ

---

+ അനുബന്ധമായി ചേർക്കുന്നു.

അഭ്യസ്തവിദ്യരായ യുവാക്കൾക്ക് വൻതോതിൽ തൊഴിലവസരങ്ങൾ ഉറപ്പാക്കും.

ശ്രീ. ആന്റണി ജോൺ: സർ, ഗ്രാഫീൻ-ന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ അത് പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാനം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, ഗ്രാഫീൻ-ന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന കാലഘട്ടമാണിത്. അതിന്റെ ഭാഗമായി ശാസ്ത്ര സാങ്കേതികവിദ്യയുടെ വികസനത്തിൽ വൻ മുന്നേറ്റത്തിലേയ്ക്കാണ് സംസ്ഥാനം കടക്കുന്നത്. ആദ്യത്തെ 'ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ' തൃശ്ശൂരിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 'ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ' പദ്ധതി കേരള ഡിജിറ്റൽ സർവ്വകാലശാലയും സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജിയും സംയുക്തമായാണ് നടത്തുക. ടാറ്റാ സ്റ്റീലിന്റെ വ്യാവസായിക പിന്തുണ പദ്ധതിക്കുണ്ടാകും. വ്യവസായിക മേഖലയിലുള്ള നിരവധി കമ്പനികളും ഇന്നൊവേഷൻ സെന്ററിന് പിന്തുണ നൽകി പ്രവർത്തിക്കും. ഗ്രാഫീൻ-ന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ ഇത്തരമൊരു സെന്റർ

സംസ്ഥാനത്ത് ആരംഭിക്കുന്നത് ഗ്രാഫീൻ ശാസ്ത്രസാങ്കേതിക മേഖലയിൽ പുതിയ യുഗത്തിന് വഴിതെളിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ മനുഷ്യവിഭവശേഷിയെ മികച്ചരീതിയിൽ വിനിയോഗിക്കാനും വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തിലേയ്ക്ക് മുന്നേറുന്നതിനും ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ വലിയ ചുവടുവയ്പാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഐ.ടി. മേഖലയിൽ കേരളം അത്ഭുതകരമായ വികാസമാണ് കൈവരിച്ചുവരുന്നത്. കോഴിക്കോട് സൈബർ പാർക്കിൽ അത്യാധുനിക ഡിജിറ്റൽ നൈപുണ്യ വികസനം ലക്ഷ്യം വച്ചുകൊണ്ട് നിലവിലുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും കൂടുതൽ സ്ഥാപനങ്ങളും തൊഴിലും ലഭ്യമാകാനും കഴിയത്തക്ക നിലയിലുള്ള പുതിയ പദ്ധതികൾക്ക് ഗവൺമെന്റ് രൂപം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, നിലവിലുള്ള ഐ.ടി. പാർക്കുകളുടെ വികസനം വലിയതോതിൽ വരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിലൊന്നാണ് കോഴിക്കോട് ഐ.ടി. പാർക്ക്. അവിടെ ഇപ്പോൾത്തന്നെ

നടപടികളാരംഭിച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗം ഉന്നയിച്ചതുപോലെ കൂടുതൽ വികസനത്തിലേയ്ക്കുള്ള കുതിപ്പാണ് അതിന്റെ ഭാഗമായുണ്ടാവുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയുടെ വലിയ രൂപത്തിലുള്ള സാധ്യതകളെ സംസ്ഥാന ഗവൺമെന്റ് തിരിച്ചറിയുകയും അതിനാവശ്യമായ പ്രവർത്തനങ്ങൾ ആലോചിച്ചുവരികയുമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയുടെ വിപുലീകരണത്തിനുവേണ്ടി നിലവിൽ സർക്കാർ കൈക്കൊണ്ട നടപടികളെന്തെല്ലാമാണ്; തുടർന്ന് ഏതുനിലയിലാണ് അത് വിപുലപ്പെടുത്താൻ ആലോചിച്ചിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം വളരെ പ്രധാനപ്പെട്ട ഒരിനമായാണ് സർക്കാർ കണ്ടിട്ടുള്ളത്. ഇതിന്റെ ഒരുഭാഗം വിജ്ഞാന സമ്പദ്ഘടന പ്രാവർത്തികമാക്കുക എന്നുള്ളതാണ്. അതിനായി വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാൻ ഗൗരവതരമായ ശ്രമങ്ങളാണ് നടത്തുന്നത്. നാളെയുടെ സാങ്കേതികവിദ്യകളാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, മെഡിക്കൽ ഇലക്ട്രോണിക്സ്, മെഡിക്കൽ മെറ്റീരിയൽസ്,

ബയോടെക്നോളജി തുടങ്ങിയ കാര്യങ്ങൾ. ഇതിനെല്ലാം ഊന്നൽ നൽകിക്കൊണ്ടാണ് നമ്മുടെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്നത്. പുതിയ തലമുറ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ ആധുനിക ഗവേഷണം വികസിപ്പിക്കാനും വിജ്ഞാന സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്താനും ലക്ഷ്യമിടുകയാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് വളരെയധികം പ്രതീക്ഷ നൽകുന്നതാണ് അങ്ങിപ്പോൾ പ്രഖ്യാപിച്ച ഡിജിറ്റൽ സയൻസ് പാർക്ക്. പി.പി.പി. മോഡലിലുള്ള പ്രസ്തുത പാർക്കിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കും?

ശ്രീ. പിണറായി വിജയൻ: സർ, ഡിജിറ്റൽ പാർക്ക് സമയബന്ധിതമായി പൂർത്തീകരിക്കാനാണ് നടപടികൾ സ്വീകരിക്കുന്നത്. നിർമ്മാണം ആരംഭിച്ച് 24 മാസത്തിനുള്ളിൽ ഡിജിറ്റൽ പാർക്കിന്റെ ആദ്യഘട്ടം ആരംഭിക്കാനാകും. ഒന്നര ലക്ഷം ചതുരശ്രയടി വിസ്തൃതിയിലാണ് ഒന്നാംഘട്ടം വിഭാവനം ചെയ്തിട്ടുള്ളത്. അടുത്ത അഞ്ച് മാസത്തിനുള്ളിൽ ടെക്നോസിറ്റിയിലെ കബനി ബിൽഡിംഗിൽ പതിനായിരം

സ്ക്വയർ ഫീറ്റിൽ പാർക്കിനായി ഒരുക്കുന്ന താൽക്കാലിക സൗകര്യങ്ങളുപയോഗിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇലക്ട്രോണിക് ഡിസൈൻ തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങളാരംഭിക്കാൻ കഴിയും.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഉന്നത വിദ്യാഭ്യാസരംഗത്ത് കേരളത്തെ ഒരു പുതിയ ഹബ്ബാക്കി മാറ്റാനുള്ള ശ്രമം നടത്തുകയാണെന്ന് ഇന്നലെയും ഒരു പ്രസ്താവന കണ്ടു. അങ്ങ് ഇപ്പോൾ ഡിജിറ്റൽ യുഗത്തെക്കുറിച്ചും പുതിയ കോഴ്സുകളെക്കുറിച്ചുമൊക്കെയാണ് പരാമർശിക്കുന്നത്. നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനും കുട്ടികൾ അത് പഠിക്കാനും രക്ഷിതാക്കളും നിയമസഭയുമൊക്കെ അതനുസരിച്ച് മുന്നോട്ടുപോകാനും തയ്യാറാണ്. പക്ഷെ നമ്മുടെ യൂണിവേഴ്സിറ്റികളിൽ കൺവെൻഷണൽ ടൈപ്പ് കോഴ്സുകളാണ് ഇപ്പോഴുമുള്ളത്. അതുമാറ്റി പുതിയ സംവിധാനത്തിലേയ്ക്ക് എല്ലാ കോഴ്സുകളും നൽകുമെന്ന് തീരുമാനിച്ചാലേ പുതിയ എഞ്ചിനീയറിംഗ് കോളേജുകളിലും മറ്റുമൊക്കെ ഇത്തരം പുതിയ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് യൂണിവേഴ്സിറ്റികളിലെ കൺവെൻഷണൽ കോഴ്സുകൾക്കുപകരം സാങ്കേതിക വിദ്യാധിഷ്ഠിത വിജ്ഞാന കോഴ്സുകൾ ആരംഭിക്കാനാവശ്യമായ

നിലപാട് സ്വീകരിക്കണം. അത് സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും. പരമ്പരാഗത രീതിയിൽ നിന്നും കോഴ്സുകൾ മാറേണ്ടതുണ്ടെന്ന് തന്നെയാണ് കാണുന്നത്. ഇന്നത്തെ കാലഘട്ടത്തിന് യോജിച്ചതും വിദ്യാർത്ഥികൾക്ക് ആവശ്യമായതും വിദ്യാർത്ഥികൾ തേടി പോകുന്നതുമായ കോഴ്സുകൾ യൂണിവേഴ്സിറ്റികളിൽ ഉണ്ടാകണമെന്നുതന്നെയാണ് ആലോചിച്ചിട്ടുള്ളത്. അങ്ങ് പറഞ്ഞതുപോലെ അതിന്റെ ഭാഗമായുള്ള മാറ്റങ്ങൾ എഞ്ചിനീയറിംഗ് കോളേജുകളിൽ മാത്രമല്ല എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ജോബ് മൈക്കിൾ: സർ, ഡിജിറ്റൽ സാങ്കേതിക വിദ്യാധിഷ്ഠിത വിജ്ഞാന വ്യവസായങ്ങളെക്കുറിച്ച് കോളേജുതലങ്ങളിൽ വിദ്യാർത്ഥികൾക്ക് അവബോധമുണ്ടാക്കാൻവേണ്ട നടപടി സ്വീകരിക്കുമോ; കേരളത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കോളേജുകളെ പ്രത്യേകമായി ഇതിനുവേണ്ടി തെരഞ്ഞെടുക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: കോളേജുകളുടെ നിലവാരത്തിനനുസരിച്ച് തന്നെയാണ് കാര്യങ്ങൾ ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഡിജിറ്റൽ

സാങ്കേതിക വിദ്യയുടെ വികാസത്തിന് എല്ലാ മേഖലയെയും സഹകരിപ്പിക്കാൻ ഉദ്ദേശിച്ച് നടപടികൾ നീക്കിക്കൊണ്ടിരിക്കുകയാണ്. നമുക്ക് ഡിജിറ്റൽ സർവ്വകലാശാലതന്നെ സ്വന്തമായി ഉണ്ടായിരിക്കുകയാണ്. അതോടൊപ്പം യൂണിവേഴ്സിറ്റികളിൽ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനാകും. ഡിജറ്റൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായിത്തന്നെ അതിനുള്ള സൗകര്യങ്ങളൊരുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അത്തരം കാര്യങ്ങളിൽ ഈ സ്ഥാപനങ്ങൾക്കും പങ്കുവഹിക്കാൻ കഴിയും.

<u>ശ്രീ. വി. ജോയി</u>: സർ, ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ച സംസ്ഥാനമാണ് നമ്മുടേത്. കെ-ഫോണുമായി ബന്ധപ്പെട്ട് ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് കണക്ഷൻ നൽകുമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇതിനകം ഏതാണ്ട് പതിനായിരത്തോളം ഓഫീസുകളിൽ ഇ-സേവനം ലഭ്യമാക്കിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബി.പി.എൽ. കുടുംബങ്ങളിൽ എന്നത്തേയ്ക്ക് ഇ-സേവനം ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: ഇക്കാര്യത്തിൽ വലിയ മുന്നേറ്റമാണ് നമ്മുടെ സംസ്ഥാനത്തുണ്ടാകാൻ പോകുന്നത്. ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ടാണ് സാർവ്വത്രികമായ ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി കെ-ഫോൺ പദ്ധതി നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി മുപ്പതിനായിരത്തോളം സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും തെരഞ്ഞെടുക്കപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങൾക്കും സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ ഒൻപതിനായിരത്തി അഞ്ഞൂറിലധികം ഓഫീസുകൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ സംസ്ഥാനത്തെ ബി.പി.എൽ. കുടുംബങ്ങളെ ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽതന്നെ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിന്റെ പണിപ്പുരയിലാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഏറ്റവും അധുനികമായ മേഖലയാണ്. ഈ മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ നാം എത്രത്തോളം പ്രാപ്തരാണ്;

നൂതന വിദ്യാഭ്യാസ രംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി ബന്ധപ്പെട്ട് മാറ്റങ്ങൾ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇന്നത്തെയല്ല, നാളത്തെ സങ്കേതിക വിദ്യയിൽപ്പെടുന്നതാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. അതുമായി ബന്ധപ്പെട്ട് നല്ല ഊന്നൽ നൽകാനാണ് സർക്കാർ തയ്യാറായിട്ടുള്ളത്. നമ്മുടെ രാജ്യത്തിനകത്തും പുറത്തുമുള്ള സർവ്വകലാശാലകളും ഗവേഷകരും കൈവശമുള്ള സങ്കേതികവിദ്യയിൽ പൂർണ്ണത വരുത്തി ഉൽപ്പാദന സേവന മേഖലകളിലേയ്ക്ക് കടക്കുകയാണ്. സർവ്വകലാശാലകളിൽ സൃഷ്ടിക്കപ്പെടുന്ന ബൗദ്ധിക സ്വത്തവകാശങ്ങളെ പ്രായോഗികതലത്തിൽ സംരംഭങ്ങളിലേക്കെത്തിക്കാനാവശ്യമായ സഹായം ലഭ്യമാക്കുക, വിജ്ഞാന സമ്പദ്ഘടന പ്രാവർത്തികമാക്കാൻ സഹായകമായ ഒട്ടേറെ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക, കേരളത്തിൽ നിരവധി വിജ്ഞാന വ്യവസായങ്ങൾക്ക് തുടക്കമിടുക, സങ്കേതിക വിദ്യ നവീകരണത്തിനുള്ള നിക്ഷേപത്തിന്റെ വലിയ ഭാഗം സയൻസ് പാർക്കിലൂടെ നിറവേറ്റുക, ഇ-സങ്കേതികവിദ്യ ഉപയോഗിച്ച് സംസ്ഥാനത്ത്

കമ്പനികൾ തുടങ്ങുക തുടങ്ങിയ കാര്യങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് നാം പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, മേക്കിംഗ് ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ, യംഗ് ഇന്ത്യ എന്നിങ്ങനെ വലിയ വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളും നടത്തിയാണ് 2014-ലെ പൊതുതെരഞ്ഞെടുപ്പിലൂടെ ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നത്. ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഡിജിറ്റൽ സയൻസ് പാർക്ക്, ഡിജിറ്റൽ സങ്കേതിക വിദ്യാധിഷ്ഠിതമായ വിജ്ഞാന വ്യവസായങ്ങൾക്കാവശ്യമായ എന്തെങ്കിലും രീതിയിലുള്ള പിന്തുണയോ സാമ്പത്തിക സഹായമോ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങളിൽ സംസ്ഥാനത്തിനാവശ്യമായ സഹായം കേന്ദ്രത്തിൽനിന്നും ലഭ്യമാകുകയെന്നത് നമ്മുടെ അവകാശമാണ്. അക്കാര്യത്തിൽ ഒരോ ഘട്ടത്തിലും സംസ്ഥാനം കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെടും. അതുമായി ബന്ധപ്പെട്ടുള്ള നടപടികൾ സ്വീകരിച്ച് ലഭ്യമാകാനിടയുള്ള സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കും.

## മെട്രോ റെയിൽ പദ്ധതി

(* 152) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടമായ ഇൻഫോപാർക്കിലേക്കുള്ള പാതയ്ക്ക് അനുമതി നൽകുന്നതിൽ കേന്ദ്ര സർക്കാർ കാലതാമസം വരുത്തിയതും അംഗീകൃത എസ്റ്റിമേറ്റ് തുക വെട്ടിക്കുറച്ചതും പദ്ധതിയെ എപ്രകാരം ബാധിക്കാനിടയുണ്ടെന്ന് വിശദമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിലെ മെട്രോ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ ഉയർന്ന തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാട് കാരണം വളരെ കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുമായിരുന്ന വായ്പ നൽകുന്നതിൽ നിന്ന് ഫ്രഞ്ച് വികസന ബാങ്ക് പിന്മാറിയത് പദ്ധതിയെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ;

(ഡി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി പുനഃക്രമീകരിക്കേണ്ട സാഹചര്യമുണ്ടോയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന് 27-07-2018-ലെ സ.ഉ(അച്ചടി)നം.52/2018/ഗതാ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ 2310 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്, പദ്ധതിയുടെ വിശദ പദ്ധതി രേഖ (Detailed Project Report-DPR) 2017-ലെ മെട്രോ റെയിൽ പോളിസിക്ക് അനുസൃതമായി പുതുക്കി ലഭ്യമാക്കുവാൻ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ആവശ്യപ്പെട്ടതിൻ പ്രകാരം പദ്ധതിയുടെ ചെലവ് 1957.05 കോടി രൂപയായി പുനർ നിർണ്ണയിക്കുകയും, 07-09-2022-ൽ കേന്ദ്രമന്ത്രിസഭ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ അംഗീകൃത എസ്റ്റിമേറ്റിൽ വരുത്തിയിട്ടുള്ള കുറവ് പദ്ധതിയുടെ നടത്തിപ്പിനെ എപ്രകാരം ബാധിക്കുമെന്ന് പദ്ധതി നിർവ്വഹണത്തിലുള്ള പുരോഗതിക്കനുസരിച്ച് മാത്രമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) 2017-ലെ മെട്രോ റെയിൽ പോളിസി, മെട്രോ പദ്ധതികളുടെ ചെലവ് കണക്കാക്കുന്നതിന് കേന്ദ്ര ഭവന നഗര കാര്യ മന്ത്രാലയം 2019 ഫെബ്രുവരിയിൽ പുറത്തിറക്കിയ ബെഞ്ച്മാർക്ക് റിപ്പോർട്ട് എന്നിവയ്ക്ക്

അനുസൃതമായാണ് എല്ലാ സംസ്ഥാനങ്ങളിലേയും മെട്രോ പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകുന്നത്. അതിനാലാണ് ഓരോ സംസ്ഥാനത്തേയും മെട്രോ റെയിൽ പദ്ധതികൾക്ക് വ്യത്യസ്തമായ തുകയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളത്.

(സി) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ നടത്തിപ്പിനായി 1016.24 കോടി രൂപ ഉഭയകക്ഷി/ബഹുമുഖ (bilateral/multilateral) ഫണ്ടിംഗ് ഏജൻസികളിൽ നിന്നും വായ്പയെടുക്കുവാനാണ് കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയം അനുമതി നൽകിയിട്ടുള്ളത്. DEA-യുടെ നിർദ്ദേശപ്രകാരം ബാഹ്യ ഫണ്ടിംഗ് ഏജൻസിയിൽ നിന്നും Pass through Assistance ആയി വായ്പ ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് കേന്ദ്ര അംഗീകാരം ലഭ്യമായശേഷം പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ധന സമാഹരണത്തിനായി ഫ്രഞ്ച് ഫണ്ടിംഗ് ഏജൻസിയെ വായ്പയ്ക്കായി സമീപിച്ചിട്ടില്ല.

(ഡി) കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയത്തിന്റെ 08-04-2021-ലെ കത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും മുൻഗണനാ പദ്ധതികളെക്കുറിച്ച് 08-09-2021-ൽ മുഖ്യമന്ത്രി നടത്തിയ അവലോകന യോഗത്തിലെ തീരുമാനം പരിഗണിച്ചും, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) നടപ്പാക്കി വരുന്ന ലൈറ്റ് മെട്രോ/മെട്രോ ലൈറ്റ് പദ്ധതികൾ, മൂന്ന് ഫ്ലൈ ഓവറുകളുടെ നിർമ്മാണം എന്നിവ 01-09-2022-ലെ സ.ഉ. (അച്ചടി)നം.43/2022/ഗതാ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്.

NATPAC / മറ്റ് accredited agencies വഴിയോ പുതിയ Comprehensive Mobility Plan (CMP)-ഉം, Alternative Analysis Report (AAR)-ഉം തയ്യാറാക്കി നൽകുന്നതിനനുസരിച്ച് തിരുവനന്തപുരത്തും കോഴിക്കോട്ടും നടപ്പാക്കുന്ന ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള പുതുക്കിയ Detailed Project Report (DPR) തയ്യാറാക്കി സമർപ്പിക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. പി. ചിത്തരഞ്ജൻ): സർ, നാലുവർഷം അനുമതി വൈകിപ്പിച്ചിട്ടും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങളെല്ലാം പാലിച്ച് സമർപ്പിച്ച ഇൻഫോപാർക്ക് പാത കേന്ദ്ര സർക്കാർ അംഗീകരിച്ച തുകയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമോ; കേന്ദ്രവിഹിതം എത്രയാണ്; തൃപ്പൂണിത്തുറ മെട്രോലൈൻ എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 07-09-2022-ൽതന്നെ കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിക്കഴിഞ്ഞു. അത് നടപ്പിലാക്കാനാണ് ഇപ്പോൾ ശ്രമിച്ചുവരുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മെട്രോ റെയിൽപദ്ധതികൊണ്ടുള്ള നേട്ടങ്ങളെന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, മെട്രോ പദ്ധതിയുടെ നേട്ടം ഇപ്പോൾ നാട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതറിയണമെങ്കിൽ കൊച്ചിയിൽ പോയാൽ മതി. നല്ല രീതിയിൽ യാത്ര ചെയ്യാൻ സാധിക്കും. അതിന്റെ ഗുണം നല്ലനിലയ്ക്കുതന്നെ നാട് അനുഭവിച്ചുവരികയാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ശ്രീകാര്യത്തെ മേൽപ്പാലത്തിൽ മെട്രോപില്ലറടക്കം നിർമ്മിക്കുന്നുണ്ട്. അതിന്റെ നിർവ്വഹണ ഏജൻസി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) ആയിരുന്നു. ആ പ്രവൃത്തിക്കാവശ്യമായ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്ന പ്രവൃത്തി അവസാനഘട്ടത്തിലുമാണ്. മേൽപ്പാല നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ KRTL ആരംഭിക്കുന്ന അവസരത്തിൽ സർക്കാർ ഈ പ്രവൃത്തി കൊച്ചി മെട്രോയെ ഏൽപ്പിക്കുകയും KRTL പിരിച്ചുവിടാൻ തീരുമാനിക്കുകയും ചെയ്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കൊച്ചി മെട്രോ ഇതുവരെയും ഇക്കാര്യത്തിൽ ഒന്നും ചെയ്തില്ലെന്നുമാത്രമല്ല, ടി പ്രവൃത്തി പിരിച്ചുവിടാൻ സർക്കാർ തീരുമാനിച്ച കമ്പനിയായ KRTL ആണ് നിർവ്വഹിക്കേണ്ടതെന്നാണ് ഇപ്പോൾ പറഞ്ഞുകേൾക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പരസ്പര വിരുദ്ധമായ മറുപടിയാണ് ഇരുകൂട്ടരിൽനിന്നുമുണ്ടാകുന്നത്. ഈ പ്രോജക്ടിന്റെ പ്രാധാന്യം അങ്ങേയ്ക്കറിയാവുന്നതാണ്. അങ്ങയുടെ സ്വപ്ന പദ്ധതികൂടിയാണിത്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത്, ഈ പ്രവൃത്തി ടെണ്ടർ വിളിച്ച് നിർവ്വഹണം നടത്തേണ്ടത് ഏത് ഏജൻസിയുടെ

ഉത്തരവാദിത്തമാണെന്ന് പറയാമോ; ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ യാതൊരു ആശങ്കയുടെയും ആവശ്യമില്ല. കാരണം ഇത്തരമൊരു മാറ്റം വരാനിടയായതിനെക്കുറിച്ച് നേരത്തെതന്നെ ഞാൻ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ഭവന, നഗരകാര്യ മന്ത്രാലയം 08-04-2021-ൽ സംസ്ഥാന ഗവൺമെന്റിനയച്ച കത്തിലെ ചില നിർദ്ദേശങ്ങളുടെയും 2021 സെപ്തംബറിൽ ഇവിടെ നടത്തിയ അവലോകന യോഗത്തിലെ തീരുമാനങ്ങളുടെയും അടിസ്ഥാനത്തിലാണ് KRTL നടപ്പാക്കിവന്ന ലൈറ്റ് മെട്രോ/ മെട്രോ ലൈറ്റ് പദ്ധതികൾ, മൂന്ന് ഫ്ലൈ ഓവറുകളുടെ നിർമ്മാണം എന്നിവ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് കൈമാറിയത്. അതിനായി 01-09-2022-ലെ സ.ഉ. (അച്ചടി) നം. 43/2022/ഗതാ. നമ്പർ പ്രകാരം സർക്കാർ ഉത്തവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് ഒരാശങ്കയും ഉണ്ടാകേണ്ടതില്ല. ഇനി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡാണ് ഈ പ്രവൃത്തി നിർവ്വഹിക്കുന്നത്.

ശ്രീ. കെ. ജെ. മാക്സി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. വി. കെ. പ്രശാന്ത്): സർ, കെ.എം.ആർ.എൽ.-ന് കെ.ആർ.ടി.എൽ.-ന്റെ

ചുമതലയടക്കം കൈമാറിയിരിക്കുകയാണെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ഇതിന്റെ ഭാഗമായി പട്ടത്തും ഉള്ളൂരും ഒരോ ഫ്ലൈഓവറുകളുണ്ട്. അതിന്റെ സ്ഥലമെടുപ്പ് അടക്കമുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. അടുത്തതായി ടെണ്ടർ നടപടികളാണ് സ്വീകരിക്കാനുള്ളത്. അതിനുവേണ്ട നടപടികൾ വേഗത്തിലാക്കുമെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. ഇതോടൊപ്പം തിരുവനന്തപുരം ലൈറ്റ് മെട്രോ പ്രൊജക്ടിന്റെ നിലിവിലെ സ്ഥിതികൂടി വിശദമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ NATPAC മുതലായ അക്രഡിറ്റഡ് ഏജൻസികൾ വഴി പുതിയ comprehensive mobility plan-ഉം alternative analysis report- ഉം തയ്യാറാക്കി നൽകേണ്ടതുണ്ട്. അതനുസരിച്ചാണ് തിരുവനന്തപുരത്തും കോഴിക്കോട്ടും നടപ്പാക്കുന്ന ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചുള്ള പുതുക്കിയ ഡി.പി.ആർ. (Detailed Project Report) തയ്യാറാക്കേണ്ടത്. അതിനായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പുതുക്കിയ ഡി.പി.ആർ-ൽ പ്രസ്തുത

വിഷയങ്ങളെല്ലാം ഉൾപ്പെടുന്നതാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കേരളത്തിലെ മൂന്ന് നഗരങ്ങളിലാണ് മെട്രോ റെയിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത്. അതിൽ കൊച്ചിയിൽ ഒന്നാംഘട്ടം പൂർത്തീകരിച്ചു, ഇപ്പോൾ രണ്ടാംഘട്ടം നടന്നുകൊണ്ടിരിക്കുന്നു. തിരുവനന്തപുരത്തും ഇതുമായി ബന്ധപ്പെട്ട് കുറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷേ കോഴിക്കോട് ആദ്യകാലത്ത് ഒരു റിപ്പോർട്ടുണ്ടാക്കിയെന്നല്ലാതെ പിന്നീടൊരു നടപടിയും ഇതിനായി സ്വീകരിച്ചിട്ടില്ല. ഈ പദ്ധതി കോഴിക്കോട് നടപ്പിലാക്കുമോയെന്ന് അവിടത്തെ മുഴുവൻ ജനങ്ങൾക്കും ഇപ്പോൾ സംശയമുണ്ട്. കോഴിക്കോടിന്റെ കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധചെലുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, തിരുവനന്തപുരത്തെക്കുറിച്ച് പരാമർശിക്കുമ്പോഴെല്ലാം കോഴിക്കോടിനെക്കുറിച്ചും പറഞ്ഞുകൊണ്ടിരിക്കുകയാണ്. രണ്ടുംകൂടി നടപ്പാക്കുകയെന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, ഇന്ന് നമ്മുടെ രാജ്യത്തെ മെട്രോകൾക്ക് എയർപോർട്ടുമായി കണക്ടിവിറ്റിയുണ്ട്. കൊച്ചി മെട്രോ

ആലുവയിൽ നിന്നാണ് ആരംഭിക്കുന്നത്. അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് കൊച്ചി മെട്രോ സർവ്വീസ് നീട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതിനുവേണ്ടി പ്രത്യേക പഠനമോ സർവ്വേയൊ നടത്തിയിട്ടുണ്ടോ; ഈ കണക്ടിവിറ്റി അങ്കമാലി വരെ നീട്ടിയാൽ, മെട്രോ കൂടുതൽ ലാഭകരമാക്കാനും നാഷണൽ ഹൈവേയിലെ തിരക്ക് കുറയ്ക്കാനും സാധിക്കും. കൊച്ചിയിലെത്തുന്ന ടൂറിസ്റ്റുകളുൾപ്പെടെയുള്ളവർക്ക് മെട്രോയിൽ കയറി എയർപ്പോർട്ടിൽ ചെന്നിറങ്ങാനുള്ള സാഹചര്യമുണ്ടായാൽ കൂടുതൽ യാത്രക്കാരെ ലഭിക്കുന്നതിനും അതിലൂടെ മെട്രൊ ലാഭകരമാക്കാനും സാധിക്കും. ഈ പദ്ധതി നടപ്പിലാക്കിയാൽ എല്ലാ രീതിയിലും ഗുണകരമാകും. അതുകൊണ്ടുതന്നെ ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കൽ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, റെയിലുമായും എയർപോർട്ടുമായും ബന്ധപ്പെട്ട് മെട്രോ ഉണ്ടാവുകയെന്നത് യാത്രക്കാർക്ക് വളരെ സൗകര്യമുണ്ടാകുന്ന കാര്യമാണ്. അതിന് സർക്കാർ തടസ്സമില്ല. ഇതെങ്ങനെ നടപ്പാക്കാൻ സാധിക്കുമെന്ന് കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ച് നടപടി സ്വീകരിക്കാം.

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ നടപടി

(*153) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. കെ വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിൽ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ മായം ചേർക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പ്രവർത്തനം ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനകരമാകുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ നടപ്പിലാക്കിയ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്തുകൾ എന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേരളത്തെ ഒരു മാതൃകാ ഭക്ഷ്യ സുരക്ഷാ സംസ്ഥാനമാക്കി

മാറ്റുകയെന്ന സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി നിലവിൽ എന്തെല്ലാം ഇടപെടൽ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ,

(എ) നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് വിഷരഹിതവും ഗുണനിലവാരമുള്ളതുമായ ഭക്ഷ്യവസ്തുക്കളുടെ വിപണനം ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്ഥിരമായി പരിശോധനകൾ നടത്തിവരുന്നു. ഇത്തരത്തിൽ നടത്തുന്ന പരിശോധനയുടെ ഭാഗമായി സാമ്പിളുകൾ ശേഖരിച്ച് ലാബിൽ നടത്തുന്ന പരിശോധനയിൽ ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തു വിൽപന നടത്തിയതായി റിപ്പോർട്ട് ലഭിക്കുന്നപക്ഷം അത്തരം ഭക്ഷ്യവസ്തുക്കൾ മാർക്കറ്റിൽ നിന്നും നീക്കംചെയ്യുന്നതിനും, അവ ഉൽപാദിപ്പിച്ചവർക്കെതിരെയും വിറ്റവർക്കെതിരെയും പ്രോസിക്യൂഷൻ, അഡ്ജൂഡിക്കേഷൻ മുതലായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ വിശേഷാവസരങ്ങളിലും, ശബരിമല മണ്ഡല/മകരവിളക്ക്

മഹോത്സവം, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് ഇടപെടലുകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നടപടികൾ സ്വീകരിച്ചുപോരുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി ഒഴിഞ്ഞുകിടന്നിരുന്ന ഫുഡ്സേഫ്റ്റി ഓഫീസർ തസ്തികകളിൽ പി.എസ്.സി-യിൽ നിന്നും അഡ്വൈസ് ലഭ്യമായമുറയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 34 പേർക്ക് നിയമന ഉത്തരവ് നൽകുകയുണ്ടായി. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 2021 ഏപ്രിൽ മുതൽ 2022 ഒക്ടോബർ വരെ 75230 ഭക്ഷ്യ പരിശോധനകൾ നടത്തുകയും 11407 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 583 സാമ്പിളുകൾ Unsafe ആയും 237 സാമ്പിളുകൾ Substandard ആയും 307 സാമ്പിളുകൾ Misbranded ആയും പരിശോധനാ

ഫലം ലഭ്യമായിട്ടുണ്ട്. ഈ കാലയളവിൽ 521 പ്രോസിക്യൂഷൻ കേസ്സുകളും 830 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും ഫയൽ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 2021-22 കാലയളവിൽ ആകെ 111885 രജിസ്ട്രേഷനുകളും 28256 ലൈസൻസുകളും നൽകിയിട്ടുണ്ട്. ഈ വർഷം 107174 രജിസ്ട്രേഷനുകളും 23552 ലൈസൻസുകളും നൽകിയിട്ടുണ്ട്.

ഭക്ഷ്യ വിഷബാധപോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തന സജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുന്നതിനായി ജി.സി.സി (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ച് വരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്.

2006-ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ

അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

ആരാധനാലയങ്ങൾ ലഭ്യമാക്കുന്ന പ്രസാദങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ " BHOG" (Blissfull Hygienic Offering to God) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ആരാധനാലയങ്ങൾക്കും ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ ലഭ്യമാക്കിവരുന്നു.

ഭക്ഷ്യ സുരക്ഷ സംബന്ധിച്ച IEC പ്രവർത്തനങ്ങളും ശക്തമായി നടത്താനാണ് സർക്കാർ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി Food Fortification, Junk Food, Licensing & Registration, Packing & Labeling, Eat Right Initiatives, Pesticides in Vegetables & Fruits, Fish, Meat & Slaughter House, Water Quality, GHP, GMP for FBOs തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് KSFDC മുഖേന നിർമ്മിച്ച ഷോർട്ട് ഫിലിമുകൾ വിവിധ ദൃശ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിയ്ക്കുകയും മറ്റ് സമൂഹ മാധ്യമങ്ങളിലൂടെ ബോധവത്ക്കരണപ്രവർത്തനങ്ങൾ നടത്താൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ദീർഘമായ മറുപടിയായതിനാൽ ഉത്തരത്തിന്റെ

ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുന്നു*.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (Food Safety and Standards Authority of India (FSSAI)) ആദ്യ ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളത്തിന്റെ സ്ഥാനമെത്രയാണ്; വിശദമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളത്തിന് ആറാം സ്ഥാനമാണുള്ളത്. ഇത് മെച്ചപ്പെടുത്തിക്കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. ഫുഡ് സേഫ്റ്റി അതോറിറ്റി നിശ്ചയിക്കുന്ന ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് റാങ്കിംഗ് നിശ്ചയിക്കപ്പെടുന്നത്. ഇതിൽ ഹൈജീനിക് റേറ്റിംഗ്, സ്ട്രീറ്റ് ഫുഡ് ഹബ് തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാനം വളരെ മുന്നിലാണ്. എന്നാൽ മറ്റ് ചില കാര്യങ്ങളിൽ സംസ്ഥാനത്തിന് മുന്നോട്ടുവരേണ്ടതുണ്ട്. അതിലൊന്ന് 'സേവ് ഫുഡ്, ഷെയർ ഫുഡ്' (Save Food, Share Food) എന്നുള്ളതാണ്. വിശേഷാവസരങ്ങളിൽ ധാരാളം ആളുകൾ വലിയ gathering-നുവേണ്ടി തയ്യാറാക്കുന്ന ഭക്ഷണം

* ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

അധികമായി വരികയാണെങ്കിൽ ആയത് മറ്റുള്ളവർക്ക് ഷെയർ ചെയ്യണമെന്ന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്നുണ്ട്. കേരളം ഒഴികെയുള്ള പല സംസ്ഥാനങ്ങളും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. എന്നാൽ, കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിൽ കുറച്ചുകൂടി പുരോഗതി കൈവരിക്കേണ്ടതുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇത്തരത്തിൽ അധികമായി വരുന്ന ഭക്ഷണം സ്വീകരിക്കാനും കൊടുക്കാനുമൊക്കെ ഇവിടെ ആളുകൾക്ക് ചില വിമുഖതയുള്ളതായി കാണുന്നുണ്ട്. എന്നാൽ ഇത്തരം ആഘോഷവേളകൾക്കായി തയ്യാറാക്കുന്ന ഭക്ഷണത്തിന്റെ ഒരു ഭാഗം ആദ്യമേതന്നെ ആവശ്യമുള്ളവർക്ക് നൽകാനുള്ള ഇടപ്പെടലുകൾ IEC പ്രവർത്തനങ്ങളുടെ ഭാഗമായി ശക്തിപ്പെടുത്തിവരുന്നുണ്ട്. 'സേവ് ഫുഡ് ഷെയർ ഫുഡ് ' (Save Food, Share Food) എന്ന സംവിധാനത്തിലൂടെ കേരളത്തിന് ഭക്ഷ്യ സുരക്ഷാ സൂചികയിൽ മുന്നിലെത്താനും റാങ്കിംഗ് ഇനിയും മെച്ചപ്പെടുത്താനും സാധിക്കും.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഇതര സംസ്ഥാനങ്ങളിൽനിന്ന് സംസ്ഥാനത്തേയ്ക്കെത്തുന്ന മത്സ്യം, മാംസം തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ്

ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധനകൾ വളരെ ശക്തമായി മുന്നോട്ടുകൊണ്ടുപോകണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസ് നടപ്പിലാക്കിയിട്ടുള്ളത്. പ്രത്യേക ഭക്ഷ്യസുരക്ഷ സ്ക്വാഡുകൾ രൂപീകരിച്ചുകൊണ്ടാണ് എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസ് നടപ്പിലാക്കുന്നത്. ഇതിനായി സംസ്ഥാനത്തൊരു ക്യാമ്പയിൻതന്നെ ആരംഭിച്ചിട്ടുണ്ട്. നല്ല ഭക്ഷണം നാടിന്റെയും ജനങ്ങളുടെയും അവകാശമാണ്. ശുദ്ധമായ, മായമില്ലാത്ത, വിഷരഹിതമായിട്ടുള്ള ഭക്ഷണം ലഭിക്കുകയെന്നത് ജനങ്ങളുടെ അവകാശമാണെന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ അതിനുവേണ്ടി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഉദാഹരണമായി, 'ഓപ്പറേഷൻ മത്സ്യ'- സംസ്ഥാനത്തിന്റെ അതിർത്തി ചെക്ക്പോസ്റ്റിലൂടെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് ധാരാളമായി മത്സ്യം എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൽ നാളിതുവരെ 7,866 പരിശോധനകൾ നടത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഈയടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ 4,959 സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിക്കുകയും

29941 കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ മായംകലർന്ന ഭക്ഷ്യവസ്തുക്കളുടെ അതിർത്തി കടന്നുള്ള വരവ് തടയുന്നതിൽ ഒരുപരിധിവരെ ഫലം കാണാൻ സാധിച്ചിട്ടുണ്ട്. കാരണം, ചെക്ക്പോസ്റ്റുകളിൽ ഇത്തരം പരിശോധന നടത്താനാരംഭിച്ചതിന്റെ ഫലമായി കേടായ മത്സ്യങ്ങളുടെ അതിർത്തികടന്നുള്ള വരവ് വലിയ തോതിൽ കുറഞ്ഞിട്ടുണ്ട്. ഇതുകൂടാതെ 'ഓപ്പറേഷൻ ഷവർമ'-യുമായി ബന്ധപ്പെട്ട് നിരവധി പരിശോധനകൾ നടത്തുന്നുണ്ട്. അതിനുവേണ്ടി പ്രത്യേകമായി guideline പുറത്തിറക്കിയിട്ടുണ്ട്. കാരണം, പത്തുവർഷം മുമ്പ് ഇതുപോലെ ഷവർമ്മ കഴിച്ച് ഒരു ചെറുപ്പക്കാരൻ മരിക്കാനിടയായിട്ടുണ്ട്. സമീപകാലത്തും ചെറുവത്തൂരിൽ ഇത്തരത്തിൽ നിർഭാഗ്യകരമായൊരു സംഭവമുണ്ടായി. അതുകൊണ്ടുതന്നെ ഇതുസംബന്ധിച്ചൊരു Guideline സർക്കാർ പുറത്തിറക്കിയിരുന്നു. ഇതിന്റെകൂടി അടിസ്ഥാനത്തിൽ 5,605 ഇൻസ്പെക്ഷനുകൾ നടത്തുകയും ന്യൂനതകൾ കണ്ടെത്തിയ 955 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും വൃത്തിഹീനമായി പ്രവർത്തിച്ചിരുന്ന 162 സ്ഥാപനങ്ങളുടെ പ്രവർത്തനം താൽക്കാലികമായി

നിർത്തിവയ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 'ഓപ്പറേഷൻ ഓയിൽ'- പ്രത്യേകിച്ച് വെളിച്ചെണ്ണയിൽ മായം കലർത്തുന്നതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയതിനുള്ള നടപടികൾ സ്വീകരിച്ചു. നാൽപ്പത്തിയൊന്ന് സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളെടുക്കുകയും 201 സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. അൺ സെയ്ഫാണെന്ന് പരിശോധനാഫലം ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസും ഫയൽ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ഓപ്പറേഷൻ ജാഗറി എന്ന ക്യാമ്പയിന്റെ ഭാഗമായി പ്രത്യേകമായ ഇടപെടലുകളും നടത്തുന്നുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, ശാസ്ത്രം പുരോഗമിക്കുന്നതോടൊപ്പം മനുഷ്യന്റെ ഭക്ഷണക്രമത്തിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഫാസ്റ്റ് ഫുഡ്, റെഡി ടു ഫുഡ് എന്നിവയെ ആശ്രയിക്കാൻ നിർബ്ബന്ധിതമായിരിക്കുകയാണ്. ഇത് ജീവിതശൈലി രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇവിടെ ഉല്പാദനം, സംഭരണം, വിതരണം, വില്പന തുടങ്ങിയവയിൽ സുരക്ഷിതത്വം പാലിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചിരിക്കുന്നത്. ഇത്തരം ചോദ്യങ്ങളുടെ അടിസ്ഥാനപരമായ കാര്യങ്ങളും ഇതുതന്നെയാണ്. നാം ഓരോരുത്തരും കഴിക്കുന്ന ആഹാരമാണ് അവരവരുടെ ആരോഗ്യത്തെ നിശ്ചയിക്കുന്നത്. ശുദ്ധമായ-വിഷരഹിതമായ ഭക്ഷണം കഴിക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി സംസ്ഥാന ഭക്ഷ്യ സുരക്ഷാവകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് യാതൊരു വിട്ടുവീഴ്ചയുമില്ലാതെ നിയമപ്രകാരം സ്വീകരിക്കേണ്ട നടപടികൾ കൃത്യമായിതന്നെ സ്വീകരിച്ച് മുന്നോട്ടുപോകുന്നുണ്ടെന്ന് ഈ ഘട്ടത്തിൽ ഉറപ്പാക്കുന്നുണ്ട്. ഈ എൻഫോഴ്സ്മെന്റ് നടപടികളെ ശാക്തീകരിക്കുന്നതിനുവേണ്ടി ഇപ്പോൾ (140+20) 160 ഫുഡ് സേഫ്റ്റി ഓഫീസർമാരാണുള്ളത്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മുപ്പത്തിനാല് പുതിയ ഫുഡ് സേഫ്റ്റി ഓഫീസർമാരെക്കൂടി നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ ശേഷിക്കുന്ന പതിമൂന്ന് നിയമനങ്ങളുള്ളതിൽ അഞ്ചെണ്ണത്തിൽ കോടതി കേസ് നിലനിൽക്കുന്നുണ്ട്. ബാക്കിയുള്ള അഞ്ചുപേർക്കുകൂടി അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്.

മൂന്നെണ്ണം സ്പെഷ്യൽ റിസർവേഷനുള്ളവരാണ്. പ്രസ്തുത നിയമനം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ പരിശോധന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മറ്റിതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുള്ള ഏക സംസ്ഥാനമാണ് കേരളം. ഏതാനും മാസങ്ങൾക്ക് മുമ്പ് ആറ് ജില്ലകളിൽ കൂടി മൊബൈൽ ഫുഡ് സേഫ്റ്റി ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കാൻ സാധിച്ചു. അങ്ങനെ പതിനാല് ജില്ലകളിലും ഇപ്പോൾ മൊബൈൽ ടെസ്റ്റിംഗ് ലാബുകളുണ്ട്. ഇതുകൂടാതെ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും മൂന്ന് റീജിയണൽ ലാബുകളും കണ്ണൂരിലും പത്തനംതിട്ടയിലും ജില്ലാ ലാബുകളുണ്ട്. പത്തനംതിട്ടയിൽ പ്രത്യേകിച്ച് ശബരിമലയുമായി ബന്ധപ്പെട്ടാണ് ജില്ലാ ലാബ് പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ ഭക്ഷ്യവിതരണവുമായി ബന്ധപ്പെട്ട് ഫുഡ് സേഫ്റ്റി അതോറിറ്റി നിഷ്കർഷിക്കുന്ന ട്രെയിനിംഗ് എല്ലാ ജീവനക്കാർക്കും FoSTaC Training (Food Safety Training and Certification) ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കും. മാത്രമല്ല സ്ഥാപനങ്ങൾക്ക്

ലൈസൻസും രജിസ്ട്രേഷനും ഉണ്ടെന്ന് ഉറപ്പാക്കുന്നതിന് ഈ ഘട്ടത്തിൽ പ്രത്യേകമായിട്ടുള്ള ക്യാമ്പയിൻ സർക്കാർ നടത്തുന്നുണ്ട്. പന്ത്രണ്ടുലക്ഷത്തിനുമുകളിൽ വരുമാനമുള്ളവർക്ക് ലൈസൻസും പന്ത്രണ്ടുലക്ഷത്തിൽ താഴെയുള്ളവർക്ക് രജിസ്ട്രേഷനും എന്നുള്ള രീതിയിലാണ് നടപടികൾ സ്വീകരിക്കുന്നത്. കൂടുതൽ സ്ഥാപനങ്ങളെ ഇതിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള അതിശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ഭക്ഷ്യ സുരക്ഷാരംഗത്ത് കേരളം ഏറെ മുന്നിലാണ്. പക്ഷേ, കഴിക്കുന്ന ഭക്ഷണത്തിൽ ആവശ്യമായ പോഷക ഘടകങ്ങളുണ്ടോയെന്നു ചോദിച്ചാൽ തൃപ്തികരമായ ഉത്തരമല്ല വിദഗ്ധർ ഉൾപ്പെടെയുള്ളവർ നൽകുന്നത്. അരി, ഗോതമ്പ്, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ കാർബോഹൈഡ്രേറ്റ് അടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ മലയാളികളുടെ കൊളസ്ട്രോൾ ഉൾപ്പെടെ വർദ്ധിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നുണ്ട്. നമുക്കാവശ്യമായിട്ടുള്ള പ്രോട്ടീനുകളോ വിറ്റാമിനുകളോ ധാതുക്കളോ വേണ്ടത്ര അളവിൽ ലഭിക്കുന്നില്ലെന്നാണ് പൊതുവെ പറയുന്നത്. അതിന്റെ അഭാവം പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി

സ്വീകരിക്കുമോ; വിദ്യാർത്ഥികൾക്കുവേണ്ടി നടപ്പാക്കിവരുന്ന 'Safe and Nutritious Food at School' എന്ന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നുകൂടി വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, പോഷകസമൃദ്ധമായിട്ടുള്ള ആഹാരം കഴിക്കുകയെന്നത് ഏതൊരു വ്യക്തിയെ സംബന്ധിച്ചിടത്തോളവും പ്രധാനപ്പെട്ടതാണ്. 2014-15, 2018-19 കാലയളവിൽ ദേശീയതലത്തിൽ രണ്ട് നാഷണൽ ഹെൽത്ത് സർവ്വേ നടത്തിയപ്പോൾ രാജ്യത്ത് ഏറ്റവും വിളർച്ച (അനീമിയ) കുറവുള്ള സംസ്ഥാനം കേരളമാണ്. കേരളത്തിനാണ് ഒന്നാംസ്ഥാനം. 40 ശതമാനത്തിൽ താഴെ മാത്രമാണ് അനീമിയ ബാധിതരുള്ളത്. ഇതിലും മെച്ചപ്പെടുത്താനാണ് നമ്മൾ ശ്രമിക്കുന്നത്. സംസ്ഥാന സർക്കാർ ഇപ്പോൾ സ്ത്രീകൾക്കുവേണ്ടി പ്രത്യേക ക്യാമ്പയിൻ ആരംഭിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളുമായും ചർച്ച നടത്തുകയും അതിന് കൃത്യമായ കർമ്മപദ്ധതി ആവിഷ്കരിക്കുകയും ചെയ്തിരുന്നു. പ്രത്യേക ജനവിഭാഗങ്ങളെ, ഉദാഹരണത്തിന് അങ്കണവാടികൾ വഴി ഗർഭിണികളായവർക്കും കുഞ്ഞുങ്ങൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകസമൃദ്ധമായിട്ടുള്ള ആഹാരം

നൽകുന്നതിനുവേണ്ടി സപ്ലിമെന്ററി ന്യൂട്രീഷ്യസ് ഫുഡ് പ്രോഗ്രാം സർക്കാർ നടപ്പിലാക്കുന്നുണ്ട്. പോഷകസമൃദ്ധമായ ആഹാരം കഴിക്കുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടുതന്നെ നമ്മുടെ ആഹാരശീലങ്ങൾ മാറ്റേണ്ടതുണ്ട്. ഇതിന് ശക്തമായിട്ടുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണം, പട്ടികജാതി/പട്ടികവർഗ്ഗം, ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെയുമൊക്കെ സഹകരണത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നമ്മുടെ ആഹാരശീലങ്ങളെക്കുറിച്ച് ഉദാഹരണമായി പറഞ്ഞാൽ നഗരപ്രദേശങ്ങളിലെ സ്ത്രീകളിൽ വിളർച്ച കൂടുന്നുണ്ടെന്നാണ് ഇതിന്റെ ഭാഗമായി നടത്തിയ പഠനത്തിൽ കണ്ടത്. ഇക്കണോമിക്കലി എംപവേർഡായിട്ടുള്ള അല്ലെങ്കിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളിൽ വിളർച്ച കൂടുന്നുവെന്നതിന്റെ അർത്ഥം അവരവരുടെ ആഹാരകാര്യങ്ങളിൽ ശ്രദ്ധിക്കുന്നില്ല എന്നുള്ളതുതന്നെയാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അതിനാൽ ആഹാരശീലങ്ങളിൽ മാറ്റമുണ്ടാകേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചോദിച്ച ചോദ്യത്തിന്റെ രണ്ടാമത്തെ ഭാഗത്തിൽ സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ആരോഗ്യകരമായിട്ടുള്ള ഭക്ഷണശീലം

വളർത്തുന്നതിനും ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനുമാണ് ഭക്ഷ്യസുരക്ഷ വകുപ്പ് SNF @ School Program നടപ്പിലാക്കുന്നത്. കഴിഞ്ഞ വർഷം 1603 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കി. 500 സ്കൂളുകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഗ്രാമപഞ്ചായത്ത് പദ്ധതി കൂടി ആരംഭിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ജനവിഭാഗം കുട്ടികളാണ്. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി സ്കൂളുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്താനാണ് ഈ പദ്ധതിയിലൂടെ സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ ചുമതലപ്പെടുത്തിയപ്രകാരം (ശ്രീ. പി. ബാലചന്ദ്രൻ): സർ, കേരളത്തിൽ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ഫുഡ് സേഫ്റ്റി അതോറിറ്റിക്കുകീഴിൽ നിരവധി സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്ക്വാഡുകൾ, എൻഫോഴ്സ്മെന്റ് അതോറിറ്റി, ക്വിക്ക് റെസ്പോൺസ് ടീം എന്നിവയൊക്കെയുണ്ടെങ്കിലും വിഷം കലർന്ന പച്ചക്കറികളും മത്സ്യവും മാംസവും നിർബാധം കേരളത്തിലേയ്ക്ക്

എത്തിച്ചേരുന്നുണ്ട്. വൻകിട മാർക്കറ്റുകളെ കേന്ദ്രീകരിച്ചാണ് ഇതെല്ലാം എത്തിച്ചേരുന്നത് എന്നതുകൊണ്ട് കേരളത്തിലെ നഗരങ്ങളിൽ പ്രവർത്തിക്കുന്ന വൻകിട മാർക്കറ്റുകളോടനുബന്ധിച്ച് ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ കീഴിൽ ടെസ്റ്റ് ലാബുകൾ സ്ഥാപിക്കാൻ കഴിയുമോ; മൂന്ന് റീജിയണൽ ലാബുകളാണ് ഇപ്പോൾ നിലവിലുള്ളത്. അവിടെനിന്നും ടെസ്റ്റ് റിപ്പോർട്ടുകൾ കിട്ടി കേസ് രജിസ്റ്റർ ചെയ്ത് തൊണ്ടി മുതൽ നശിപ്പിക്കുന്നതിന് ആഴ്ചകളോളം സമയമെടുക്കുകയാണ്. മാർക്കറ്റുകളുമായി ബന്ധപ്പെട്ട് അടിസ്ഥാന പരിശോധനകൾ നടക്കുകയാണെങ്കിൽ അവിടെ വിൽക്കുന്ന സാധനങ്ങൾ വിഷരഹിതമാണെന്ന് ഉറപ്പിച്ചു പറയാൻ സാധിക്കും. അതിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, പരമാവധി പരിശോധനാ സംവിധാനങ്ങൾ വികേന്ദ്രീകരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. കാരണം, സുരക്ഷിതമായ ഭക്ഷണം കഴിക്കുകയെന്നത് ജനങ്ങളുടെ അവകാശമാണ്. എൻഫോഴ്സ്മെന്റ് ആക്റ്റിവിറ്റീസ് ശക്തിപ്പെടുത്തുന്നതിനോടൊപ്പം തന്നെ ശേഖരിക്കുന്ന സാമ്പിളുകൾ കൃത്യവും

സമയബന്ധിതവുമായും പരിശോധിച്ച് നിയമനടപടികൾ സ്വീകരിക്കുകയെന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ ഘട്ടത്തിൽ സർക്കാർ വകുപ്പ് ചെയ്യുന്ന കാര്യം സ്ക്വാഡുകൾ പരിശോധന നടത്തുന്നുവെന്ന വാർത്തകൾ വരുന്നുവെന്നതിന് അപ്പുറത്തേയ്ക്ക് ഇങ്ങനെ നടത്തുന്ന പ്രവർത്തനങ്ങളിലൂടെ എത്ര നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ആ നിയമ നടപടികളിൽ എത്രത്തോളം പ്രോഗ്രസ് ഉണ്ടായിട്ടുണ്ട്; കുറ്റം ചെയ്തവർക്കെതിരെ ശിക്ഷ ലഭിക്കുന്ന രീതിയിലുള്ള എത്ര ശക്തവും കൃത്യവുമായിട്ടുള്ള ഇടപെടലുകൾ ഉണ്ടാകുവെന്നുള്ള മോണിറ്ററിംഗ് കൂടി സംസ്ഥാനതലത്തിൽ ഈ ഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മൂന്ന് റീജിയണൽ ലാബുകളാണ് നമുക്കുള്ളത്. കണ്ണൂരും പത്തനംതിട്ടയിലും രണ്ട് ജില്ലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. അതുകൂടാതെ സഞ്ചരിക്കുന്ന ലാബുകൾ (മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ) ഉണ്ട്. അതിൽ എല്ലാ പരിശോധനയും നടത്താൻ കഴിയില്ല. പാൽ, വെള്ളം, എണ്ണ എന്നിവയിൽ പ്രാഥമിക പരിശോധനകൾ നടത്താൻ കഴിയും. ഒരു ജില്ലയിൽ ഏതെങ്കിലുമൊരു റസിഡന്റ്സ് അസോസിയേഷനോ സ്ഥാപനമോ മാർക്കറ്റ് പ്ലെയ്സിൽ ഇങ്ങനെയൊരു പ്രശ്നമുണ്ടെന്നുപറഞ്ഞ്

അവിടേയ്ക്ക് ക്ഷണിച്ചാൽ ഒരു ദിവസം മൊബൈൽ ടെസ്റ്റിംഗ് ലാബ് അവിടെയുണ്ടാകും. ജനങ്ങൾക്ക് സാമ്പിളുകൾ കൊണ്ടുകൊടുക്കാവുന്നതാണ്. അത് പരിശോധിക്കും. അവിടെ പരിശോധിക്കാൻ കഴിയാത്ത കൂടുതൽ സാങ്കേതിക പരിശോധകൾ ആവശ്യമുള്ള സാമ്പിളുകൾ അതത് റീജിയണൽ ലാബുകളിലേയ്ക്ക് അയച്ച് പരിശോധിപ്പിക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. ഏതായാലും കൂടുതൽ ലാബുകൾ, പരിശോധനാ സംവിധാനങ്ങൾ ഉണ്ടാകണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമായി സർക്കാർ കാണുകയും അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ ശബരിമലയുമായി ബന്ധപ്പെട്ട് മണ്ഡല/മകരവിളക്ക് കാലത്ത് പമ്പയിലും സന്നിധാനത്തും ദേവസ്വം ബോർഡിന്റെ സഹകരണത്തോടെ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. കുടിവെള്ളവും മറ്റ് ഭക്ഷ്യവസ്തുക്കളും അവിടെ പരിശോധിക്കുന്നുണ്ട്. ആ രീതിയിൽ പ്രത്യേകമായ ഇടപെടലുകൾ നടത്തുന്നതിനുമപ്പുറം സ്ഥിരം സംവിധാനത്തിൽ കൂടുതൽ ലാബുകൾ ഉണ്ടാകണമെന്നതന്നെയാണ് സർക്കാർ കാണുന്നത്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ ജനങ്ങളിലേക്കെത്തുന്നില്ല എന്നുറപ്പുവരുത്താൻ ഭക്ഷ്യ സുരക്ഷാ വകുപ്പ്

പരാജയപ്പെടുന്നുവെന്നുള്ള സി.ആൻഡ് എ.ജി. റിപ്പോർട്ട് നാം കണ്ടതാണ്. എല്ലാ ജില്ലകളിലും ലാബ് സംവിധാനങ്ങൾ ഉണ്ടെങ്കിൽപ്പോലും ഭക്ഷ്യവസ്തുക്കളുടെ എല്ലാ ഘടകങ്ങളും പരിശോധിക്കുവാനുള്ള സംവിധാനം നമ്മുടെ ലബോറട്ടറികളിലില്ല. നാട്ടിലെ പല ഭക്ഷണശാലകളുടെയും കണക്കുകൾപോലും വകുപ്പിന്റെ കൈവശമില്ല. പല സൂപ്പർ/ഹൈപ്പർ മാർക്കറ്റുകളിലും കാലഹരണപ്പെട്ട ഉല്പന്നങ്ങൾ സുഗമമായി വിറ്റഴിക്കുന്നുണ്ട്. ഇതൊക്കെ പരിഹരിക്കുന്നതിന് വകുപ്പിലെ എൻഫോഴ്സ്മെന്റ് ടീമിനെ ശാക്തീകരിക്കുക എന്നതാണ് ഏറ്റവും ഉചിതമായ നടപടി. അതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ഈ സർക്കാരിന്റെ കാലഘട്ടത്തിൽ തന്നെയാണ് ദേശീയതലത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് മികച്ച പ്രകടനത്തിനുള്ള ദേശീയതലത്തിലുള്ള അംഗീകാരം ലഭ്യമായത്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. ഭക്ഷണശാലകളിലും റസ്റ്റോറന്റുകളിലും ഇക്കാലത്ത് സർക്കാർ മറ്റൊരിടപെടൽകൂടി നടത്തുന്നുണ്ട്. അതായത്, ഹോട്ടൽ

അസോസിയേഷനുകളെയെല്ലാം വിളിച്ചുവരുത്തി ചർച്ച ചെയ്ത് ഹൈജീൻ റേറ്റിംഗ് ഏർപ്പെടുത്തുകയാണ്. അതായത്, അവിടത്തെ ശുചിത്വം, സെർവ് ചെയ്യുന്നവർക്കും ആഹാരം പാചകം ചെയ്യുന്നവർക്കുമുൾപ്പെടെ ട്രെയിനിംഗ് ലഭ്യമായതും അവരുടെ ശുചിത്വം എന്നിവയെല്ലാം കണക്കിലെടുത്തുകൊണ്ട് എല്ലാ ഘടകങ്ങളും പരിശോധിച്ച് 5 സ്റ്റാർ അല്ലെങ്കിൽ 4, 3 സ്റ്റാർ എന്ന രീതിയിൽ ഹൈജീനിക് റേറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും സന്തോഷമുള്ള കാര്യം, ഇതുവരെ 847 ഹോട്ടലുകൾക്ക് ഹൈജീൻ റേറ്റിംഗ് കൊടുക്കാൻ സാധിച്ചിട്ടുണ്ടെന്നതാണ്. പൊതുജനങ്ങൾക്ക് എങ്ങനെ ഇതിനെ കാണാൻ കഴിയും; അതിനുവേണ്ടി പ്രത്യേകമായി ഒരു പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. അത് മൊബൈലിൽ ഡൗൺലോഡ് ചെയ്യാൻ കഴിയും. തിരുവനന്തപുരത്തോ എറണാകുളത്തോ ചെല്ലുമ്പോൾ ഏറ്റവും കൂടുതൽ ഹൈജീൻ റേറ്റിംഗുള്ള ഹോട്ടൽ ഏതാണ്, റസ്റ്റോറന്റ് ഏതാണെന്ന് ആളുകൾക്ക് കാണാൻ കഴിയുന്ന രീതിയിലാണത്. അങ്ങനെ ഹൈജീൻ റേറ്റിംഗുള്ള ഹോട്ടലിലും റസ്റ്റോറന്റിലും പോകുമ്പോൾ വൃത്തിഹീനമായിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങളോ/സാഹചര്യങ്ങളോ കണ്ടാൽ ആയതിന്റെ ഫോട്ടോയെടുത്ത് അയച്ചുകൊടുക്കുന്നതിനും പരാതി നൽകുന്നതിനുമുള്ള

സംവിധാനമാണത്. അതായത്, പൊതുജനങ്ങൾക്ക് ഉടൻതന്നെ വകുപ്പുമായി ആശയവിനിമയം നടത്തുന്നതിനുള്ള ഗ്രീവൻസ് പോർട്ടൽ കൂടി അതിന്റെ ഭാഗമായിട്ടുണ്ട്. ഫോട്ടോയും വീഡിയോയുമുൾപ്പെടെ അപ്‍ലോഡ് ചെയ്യുന്നതിനുള്ള സംവിധാനമാണത്. ആ രീതിയിൽ എല്ലാ ഭക്ഷണശാലകളെയും ഹോട്ടലുകളെയും റസ്റ്റോറന്റുകളെയും റേറ്റ് ചെയ്തുകൊണ്ട് പുതിയൊരു ഇടപെടൽകൂടി സർക്കാർ നടത്തുന്നുണ്ട്. അത് വളരെ ഇന്ററാക്ടീവ് കൂടിയാണ്. ആളുകൾക്ക് നേരിട്ട് വകുപ്പിനെ കാര്യങ്ങൾ അറിയിക്കുകയും ചെയ്യാം.

ശ്രീ. അനൂപ് ജേക്കബ്: സർ, കേന്ദ്രഗവൺമെന്റ് നൽകുന്ന ഫോർട്ടിഫൈഡ് റൈസ് 2021 മുതൽ അങ്കണവാടികളിൽ വിതരണം ചെയ്യുന്നുണ്ട്. ഫോർട്ടിഫൈഡ് റൈസിനെ സംബന്ധിച്ച് പഠനം നടത്തണമെന്ന് ഭക്ഷ്യവകുപ്പ് ആവശ്യപ്പെട്ടിട്ടും അത് ആരോഗ്യവകുപ്പ് അതിനായി നടപടി എടുക്കുന്നില്ലെന്നൊരു ആക്ഷേപം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എല്ലാത്തലത്തിലുള്ള ഭക്ഷ്യവിതരണങ്ങളും പരിശോധനാ വിധേയമാക്കേണ്ടതാണ്. അങ്കണവാടികൾ കുറച്ചുകൂടി ശ്രദ്ധിക്കപ്പെടേണ്ട മേഖലയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം.

ഇതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീമതി വീണാ ജോർജ്: സർ, വാസ്തവവിരുദ്ധമായൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. കാരണം ബഹുമാന്യനായ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി, ശ്രീ. ജി. ആർ. അനിൽ ഒരു കത്ത് നൽകിയിരുന്നു. പൊതുസമൂഹത്തിൽ ഫോർട്ടിഫൈഡ് റൈസിനെ സംബന്ധിച്ച് രണ്ടുരീതിയിലുള്ള അഭിപ്രായമുണ്ടായ സാഹചര്യത്തിൽ വിദഗ്ദ്ധമായ അഭിപ്രായമെന്താണെന്ന് അറിയിക്കണമെന്നാണ് അദ്ദേഹം ആ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നത്. അതിന്റെയടിസ്ഥാനത്തിൽ ഒരു വിദഗ്ദ്ധസമിതിയെ രൂപീകരിച്ചിട്ടുണ്ട്. ആ വിദഗ്ദ്ധ സമിതി പഠിച്ച് ഭക്ഷ്യ പൊതുവിതരണ വകുപ്പിന് റിപ്പോർട്ട് നൽകുന്നതാണ്. അതിന്റെയടിസ്ഥാനത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി കെ. ശാന്തകുമാരി: സർ, കേരള നിയമസഭയുടെ ഏഴാം സമ്മേളനം നടക്കുമ്പോൾ ഞാനും ബഹുമാനപ്പെട്ട ഇ. കെ. വിജയൻ എം.എൽ.എ.-യും ആസ്ട്രേലിയയുടെ തലസ്ഥാനമായ കാൻബറയിൽ നടന്ന ഒരു അന്താരാഷ്ട്രമീറ്റിൽ പങ്കെടുക്കുകയായിരുന്നു. ഈ വിഷയം ഭക്ഷ്യവുമായി

ബന്ധപ്പെട്ടതായതുകൊണ്ട് അതുമായി താരതമ്യപ്പെടുത്തി പറയാൻ ഞാൻ ആഗ്രഹിച്ചതാണ്. ഞങ്ങൾ ഈ 5 ദിവസവും അവിടെ ബർഗറും സാൻവിച്ചും ജ്യൂസുമൊക്കെയാണ് കഴിച്ചത്. അവിടത്തെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്നതാണത്. മറ്റ് പ്രശ്നങ്ങളൊന്നുമുണ്ടായില്ല.

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീമതി കെ. ശാന്തകുമാരി: സർ, ഞാൻ ചോദ്യത്തിലേയ്ക്ക് വരികയാണ്. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് കേരളത്തിൽ നല്ല നടപടികളാണ് സ്വീകരിച്ചുവരുന്നത്. എന്തായാലും അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്, നമ്മുടെ കുട്ടികൾ ജങ്ക് ഫുഡുകൾ വ്യാപകമായി ഉപയോഗിക്കുന്ന ശീലം അടുത്തകാലത്തായി വന്നിട്ടുണ്ട്. പ്രത്യേകിച്ചും സ്കൂളുകളും കോളേജുകളുമായി ബന്ധപ്പെടുത്തി ജങ്ക് ഫുഡുകൾ വ്യാപകമായി വിതരണം ചെയ്യുന്നൊരു രീതിയും ഉണ്ടായിട്ടുണ്ട്. എന്റെ ചോദ്യമിതാണ്, അത്തരം കടകളിൽ ക്വാളിറ്റി അഷ്വർ ചെയ്യാൻ പറ്റുന്ന ലൈസൻസികൾക്ക് മാത്രമേ ഇത്തരം ആഹാരപദാർത്ഥങ്ങൾ വിൽക്കാൻ കഴിയൂവെന്ന തരത്തിലുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം കൃത്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടുതന്നെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. നേരത്തേ പറഞ്ഞതുപോലെ ലൈസൻസ് ആവശ്യമായ കടകളിൽ ലൈസൻസുണ്ടാകണം. സമയബന്ധിതമായി ലൈസൻസും രജിസ്ട്രേഷനും ഉണ്ടാകണമെന്നുള്ള നിഷ്കർഷകൂടി സർക്കാർ വയ്ക്കുന്നുണ്ട്. അനന്തമായി ഇതിനുള്ള സമയപരിധി നീട്ടിക്കൊണ്ടുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സമയബന്ധിതമായി ലൈസൻസ് എടുക്കേണ്ടതാണ്. 12 ലക്ഷത്തിന് താഴെ വരുമാനമുള്ളവർക്ക് രജിസ്ട്രേഷൻ ആവശ്യമാണ്. അത് എടുക്കേണ്ടതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ ആഹാരം പാചകം ചെയ്യുന്നവർക്കും വിതരണം ചെയ്യുന്നവർക്കുമുൾപ്പെടെ ഫുഡ്സേഫ്റ്റിയുടെ പ്രത്യേകം FoSTaC (Food Safety Training and Certification) ട്രെയിനിംഗ് ഉണ്ടാകുന്നുണ്ടെന്നുള്ളത് ഉറപ്പാക്കണം. ഈ രീതിയിലുള്ള ഘടകങ്ങളുണ്ടെങ്കിൽ മാത്രമെ നേരത്തേ പറഞ്ഞതുപോലെ പോർട്ടൽ കൊണ്ടുവന്നത് പ്രയോജനപ്പെടുകയുള്ളൂ. ഹൈജീൻ റേറ്റിംഗുള്ള ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും പോകാനാണ് എല്ലാവരും താൽപ്പര്യപ്പെടുന്നത്. ഈ ഘടകങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടാണ്

ആ രീതിയിലുള്ള റേറ്റിംഗ് നൽകുന്നത്. നിശ്ചയമായും ആരോഗ്യകരമായിട്ടുള്ള ഒരു മത്സരം റസ്റ്റോറന്റുകൾക്കും ഹോട്ടലുകൾക്കുമിടയിൽ അല്ലെങ്കിൽ ഇതുപോലെയുള്ള സ്ഥാപനങ്ങളിലും ഇതുമൂലമുണ്ടാകും എന്നുതന്നെയാണ് സർക്കാർ കരുതുന്നത്.

## സിൽവർ ലൈൻ പദ്ധതി

(*154) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ .സി .ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ എന്ന വിഷയം ഭരണഘടനയുടെ ഏഴാം പട്ടികയിലെ യൂണിയൻ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ റെയിൽവേ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരമാവശ്യമാണെന്നത് വസ്തുതയാണോ;

(ബി) സിൽവർ ലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനുമുമ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. അപൂർണ്ണമാണെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഡി.പി.ആർ.

അംഗീകരിക്കുന്നതിന് മുമ്പ് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോയത് കാരണം സംസ്ഥാന ഖജനാവിന് വലിയ സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) അതെ.

(ബി) സിൽവർ ലൈൻ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ 23-04-2019-ലെ സർക്കുലർ നം. 2018/JVCell/Genl/SPV/Policy/2 പ്രകാരവും ധനകാര്യ മന്ത്രാലയത്തിന്റെ 05-08-2016-ലെ No. 24(35)/PF-II 2012 സർക്കുലർപ്രകാരവുമുള്ള നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള അംഗീകാരം ലഭ്യമായതിനുശേഷമാണ് പ്രസ്തുത പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയത്. ഇക്കാര്യത്തിൽ കേന്ദ്ര ധനകാര്യ മന്ത്രി നൽകിയ കത്തും അനുബന്ധമായി+ ചേർക്കുന്നു.

(സി) സിൽവർ ലൈൻ പദ്ധതിയുടെ ഡി. പി. ആർ. അപൂർണ്ണമാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടില്ല. കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെയും റെയിൽ മന്ത്രാലയത്തിന്റേയും മാനദണ്ഡങ്ങൾക്കും അംഗീകാരങ്ങൾക്കുമനുസരിച്ചാണ് ഭൂമിയേറ്റെടുക്കൽ

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടിക്രമങ്ങൾ ഉൾപ്പെടെയുള്ള നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോയത്. ആയതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ചെലവാക്കിയ തുക തികച്ചും നിയമവിധേയമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സിൽവർ ലൈനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ താൽക്കാലികമായി മരവിച്ചിരിക്കുകയാണെന്നാണ് കഴിഞ്ഞ ദിവസം അടിയന്തരപ്രമേയ ചർച്ചയ്ക്ക് മറുപടിയായി അങ്ങയും റവന്യൂ വകുപ്പുമന്ത്രിയും നൽകിയ മറുപടിയിൽ നിന്നും സഭയ്ക്കും കേരളത്തിനും മനസ്സിലായത്. എന്നാൽ റവന്യൂ സംബന്ധമായ നോട്ടിഫിക്കേഷനുകളെല്ലാം ഫ്രീസ് ചെയ്യപ്പെടുന്നുവെന്നതുകൊണ്ട് യാതൊരു കാര്യവുമില്ല. ആ ഭൂമിയിൽ ഇപ്പോൾ യാതൊരുവിധത്തിലുള്ള ക്രയവിക്രയവും നടത്താൻ സാധിക്കാത്ത അവസ്ഥയിലാണ്. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പപോലുമെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ഇറക്കിയ ഉത്തരവുകൾ പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോയെന്നതാണ് ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിലെ ആദ്യഭാഗത്തിൽ സൂചിപ്പിച്ചതുപോലെ ഈ പദ്ധതി മരവിപ്പിച്ചുവെന്ന തരത്തിൽ സർക്കാർ യാതൊന്നും വ്യക്തമാക്കിയിട്ടില്ല.

കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടിയതിനുശേഷം മാത്രമെ ഈ പദ്ധതിയുടെ നടപടികൾ ത്വരിതപ്പെടുത്താൻ കഴിയൂ. കേന്ദ്രാനുമതി ലഭിക്കുന്നതിനുമുമ്പ് ചില നടപടികൾ സ്വീകരിച്ചുവെന്നത് ശരിയാണ്. ഇവിടെ പരാമർശിച്ചതുപോലെ റെയിൽവേയുടെ അനുമതിയും ധനകാര്യ മന്ത്രാലയത്തിന്റെ അനുമതിയുമെല്ലാം ഒരു തലത്തിൽ ലഭിച്ചപ്പോൾ വളരെ വേഗംതന്നെ ഇതുപോലൊരു പദ്ധതിക്ക് കേന്ദ്രാനുമതി ലഭ്യമാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. അപ്പോൾ അത്തരമൊരു പദ്ധതിക്കുള്ള അനുമതി ലഭിച്ചുകഴിഞ്ഞാൽ അതിനുശേഷം നടപടികൾ സ്വീകരിക്കുന്നതിനുപകരം അതിനുമുമ്പ് ചെയ്യാൻ കഴിയുന്ന നടപടികൾ ആദ്യംതന്നെ പൂർത്തിയാക്കിയാൽ വേഗംതന്നെ ഈ പദ്ധതിയുടെ അവസാന ഘട്ടത്തിലേയ്ക്ക് എത്താൻ സാധിക്കും. അതാണ് ധനകാര്യ മന്ത്രി അയച്ച കത്തിലും നേരത്തെ സൂചിപ്പിച്ചിരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന ഗവൺമെന്റ് നടപടികൾ ആരംഭിച്ചത്. പക്ഷെ, പദ്ധതിക്കെതിരെ രാഷ്ട്രീയപരമായ നീക്കങ്ങൾ വന്നപ്പോൾ ആ നീക്കത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ കഴിയുന്ന കേന്ദ്ര ഭരണ കക്ഷികൂടി ഉൾപ്പെട്ടുവെന്നുവന്നപ്പോൾ കേന്ദ്ര ഗവൺമെന്റുതന്നെ ഇക്കാര്യത്തിൽ

അറച്ചുനിൽക്കുന്ന സമീപനം സ്വീകരിച്ചു. അറച്ചുനിൽപ്പ് മാത്രമല്ല, ഇതിനെതിരെയുള്ള ചില വർത്തമാനങ്ങളും ഉത്തരവാദിത്തപ്പെട്ടവരുടെ ഭാഗത്തുനിന്നുമുണ്ടായി. അങ്ങനെവരുമ്പോൾ ഇത് നല്ലൊരു കാര്യമാണെന്ന് സംസ്ഥാന സർക്കാർ മാത്രം ആഗ്രഹിച്ചതുകൊണ്ട് കാര്യമില്ല. അത് നടപ്പാകണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടിയേതീരൂ. അനുമതിക്കെതിരെയുള്ള വർത്തമാനമാണ് പിന്നെ ഒരു ഘട്ടം കഴിഞ്ഞപ്പോൾ കേന്ദ്ര സർക്കാരിൽനിന്നും തുടരെത്തുടരെ ഉണ്ടായിട്ടുള്ളത്. ആ ഒരു സാഹചര്യത്തിൽ അനുമതിക്കുശേഷമാകാം മറ്റ് പ്രവർത്തനങ്ങളെന്ന് സർക്കാർ തീരുമാനിക്കുകയായിരുന്നു. ഏതായാലും കഴിഞ്ഞ തവണ സഭയിൽ വ്യക്തമാക്കിയതുപോലെ, ഇന്നല്ലെങ്കിൽ നാളെ ഈ പദ്ധതിക്ക് അനുമതി തരേണ്ടിവരുമെന്ന കാര്യത്തിൽ തർക്കമേയില്ല. അങ്ങനെയൊരനുമതി ലഭിച്ചതിനുശേഷം നടപടികളുമായി മുന്നോട്ടുപോകാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഈയൊരു സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് ആളുകൾക്ക് മറ്റ് ബുദ്ധിമുട്ടുകളുണ്ടാകേണ്ടതില്ല. ആരുടേയും സ്ഥലം അക്വയർ ചെയ്യുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല, ഒരു തരത്തിലുള്ള സാങ്കേതികതടസ്സവും ആ സ്ഥലവുമായി ബന്ധപ്പെട്ടില്ല.

എന്നാൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ പിൻവലിക്കേണ്ട ആവശ്യവും വരുന്നില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: ഈ പദ്ധതിക്ക്, പദ്ധതി അനുമതി ലഭിച്ചിട്ടില്ലെന്ന് തൊട്ടുമുമ്പ് അങ്ങ് പറഞ്ഞുകഴിഞ്ഞു. കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്ത ഒരു പദ്ധതിയെ എതിർക്കാൻ യാതൊരു പൗരനും ജനാധിപത്യത്തിൽ അവകാശമുണ്ട്. അത്തരത്തിൽ ഈ പദ്ധതിയെ എതിർത്ത ഈ നാട്ടിലെ സാധാരണക്കാർ, സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ വയോധികർ, രോഗികൾ ഇവർക്കെല്ലാമെതിരെ സർക്കാർ നിയമവിരുദ്ധമായി എടുത്ത കേസ്സുകൾ അടിയന്തരമായി പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ എതിർക്കണോ വേണ്ടയോയെന്നത് അവരവർതന്നെ തീരുമാനിക്കേണ്ട കാര്യമാണ്. അത് അവരവർതന്നെ തീരുമാനിച്ച് നടപ്പാക്കുകയാണല്ലോ ചെയ്തുവരുന്നത്. പക്ഷെ, ഇതുപോലൊരു പദ്ധതിയെ എതിർക്കുന്നതിന്റെ വശം സാധാരണഗതിയിൽ പിടി കിട്ടുന്നില്ലെന്നതാണ് വസ്തുത. കേരളത്തിന്റെ വികസനത്തിനായി നിലകൊള്ളുന്നവരാണെന്ന് പറയുന്നവർ, കേരളത്തിൽ വിവിധ ഘട്ടത്തിൽ

ഭരണത്തിലിരുന്നവർ അങ്ങനെയെല്ലാമുള്ളവർ കേരളത്തിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്നൊരു സമീപനം സ്വീകരിക്കുമ്പോൾ സാധാരണ ഗതിയിൽ മനസ്സിലാക്കാൻ വിഷമമുള്ള കാര്യമാണ്. പിന്നെ കേസ്സുകളുടെ കാര്യം, നേരത്തെതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്പോൾ കേസ്സുകൾ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ആലോചനയും സർക്കാർ നടത്തിയിട്ടില്ല.

ശ്രീ. ഷാഫി പറമ്പിൽ : Not in the seat

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സിൽവർ ലൈനുമായി ബന്ധപ്പെട്ട് ഭൂമി അക്വയർ ചെയ്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. മാത്രമല്ല, സർവ്വേ നടന്നപ്പോൾ മഞ്ഞക്കുറ്റി സ്ഥാപിച്ച മേഖലകളിലെ കർഷകർ ഇന്ന് വലിയ പ്രയാസത്തിലാണ്. അവർക്ക് ഭൂമി വിൽക്കാനോ കുട്ടികൾക്കായി വിദ്യാഭ്യാസ വായ്പയോ മറ്റ് വായ്പകളോ എടുക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. അക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് എന്തെങ്കിലും തീരുമാനങ്ങളെടുത്തിട്ടുണ്ടോ; ധനകാര്യ സ്ഥാപനങ്ങളെ സംബന്ധിച്ച് അത്തരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, നിയമവാഴ്ചയുള്ള ഒരു നാടാണ് നമ്മുടേത്. ആ നിയമവാഴ്ചയ്ക്കനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നത്. നിലവിൽ സാങ്കേതികമായ യാതൊരു തടസ്സവും ഈ ഭൂമിയെ സംബന്ധിച്ചില്ല. ആ ഭൂമി ഏറ്റെടുത്തിട്ടില്ലെന്ന് മാത്രമല്ല, ഏറ്റെടുക്കുന്നുവെന്ന് പറഞ്ഞുകൊണ്ടുള്ള നോട്ടീസും അയയ്ക്കുകയോ ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും ആരംഭിക്കുകയോ ചെയ്തിട്ടില്ല. ആവശ്യമായ പഠനങ്ങൾക്കുശേഷം മാത്രമെ അത്തരം നടപടികളിലേയ്ക്ക് കടക്കുകയുള്ളൂ. പഠനം നടക്കുമ്പോൾതന്നെ ഭൂമി ഏറ്റെടുത്തതായി സങ്കൽപ്പിക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് ഒരു പ്രശ്നവും ഇതിന്റെ ഭാഗമായി ഉണ്ടാകാൻ പോകുന്നില്ല.

ശ്രീ. റോജി എം. ജോൺ: സർ, അങ്ങ് ഭൂമി ഏറ്റെടുക്കുന്നില്ലെന്ന് പറഞ്ഞെങ്കിലും സർക്കാരിന്റെ 4(1) നോട്ടിഫിക്കേഷനിൽതന്നെ ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനം നടത്താനാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഭൂമിയേറ്റെടുക്കൽ നടപടികളിലേയ്ക്ക് കടക്കുന്നുവെന്ന് അതിൽനിന്നുതന്നെ വ്യക്തമാണ്. അതാണ് ഇവിടെ നിലനിൽക്കുന്ന ആശങ്ക. ഇവിടെ എന്റെ ചോദ്യം 27-11-2022-ൽ സിൽവർ ലൈൻ പദ്ധതിയുടെ സർവ്വേ നടപടികൾ

നിർത്തിവച്ചുകൊണ്ട് റവന്യൂ ഉദ്യോഗസ്ഥരെ തിരിച്ചുവിളിക്കുന്ന ഒരു ഉത്തരവ് ഇറക്കുകയുണ്ടായി. ആ തിരിച്ചുവിളിച്ചുകൊണ്ടുള്ള ഉത്തരവിന്റെ രണ്ടാം ഭാഗത്തിൽ പറയുന്നത് 'Further it is informed that fresh notifications under Section 4 of the LARR Act entrusting the SIA Units to conduct Social Impact Assessment………... may be done once the approval from Railway Board for the project is received.' അതായത് റെയിൽവെ ബോർഡിന്റെ അപ്രൂവൽ കിട്ടിയതിനുശേഷം സാമൂഹികാഘാത പഠനം നടത്തുന്നതിനും തുടർ നടപടികൾക്കുമായും പുതിയ നോട്ടിഫിക്കേഷൻ ഇറക്കേണ്ടതായിട്ടുണ്ടെന്ന് ഈ ഉത്തരവിൽതന്നെ പറയുകയാണ്. ഈ ആശ്യത്തിലേയ്ക്കായി ഒരു പുതിയ ഉത്തരവ് ഇറക്കേണ്ടതുണ്ടെന്ന് സർക്കാരിനുതന്നെ ബോദ്ധ്യമായിരിക്കെ, നിലവിലെ ഉത്തരവ് മരവിപ്പിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ടോ; അത് ചെയ്തുകൂടെ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സാമൂഹികാഘാത പഠനം നടന്നുവെന്നുള്ളതുകൊണ്ട് ഭൂമിയേറ്റെടുക്കൽ നടപടികളുടെ തുടക്കമാകുന്നില്ല. ആ പഠനത്തിന്റെ ഭാഗമായി എത്തിച്ചേരുന്ന നിഗമനത്തിന്റെ, അതിൽ വരുന്ന വസ്തുതകൾ അടിസ്ഥാനപ്പെടുത്തിയുള്ള വിലയിരുത്തലിന്റെ

ഭാഗമായിട്ടാണ് ഭൂമി ഏറ്റെടുക്കണമോ വേണ്ടയോയെന്ന് തീരുമാനിക്കുന്നത്. ഭൂമി ഏറ്റെടുക്കണമോ വേണ്ടയോയെന്ന് തീരുമാനിക്കുന്നതിനുമുമ്പുള്ള പഠനം, ഭൂമി ഏറ്റെടുക്കുന്നതായി വ്യാഖ്യാനിക്കേണ്ടതില്ല. 4(1) നോട്ടിഫിക്കേഷന് ഒരു നിശ്ചിത കാലാവധിയുണ്ടായിരുന്നു. ആ നിശ്ചിത കാലാവധി കഴിഞ്ഞതുകൊണ്ടാണ് ഈ ഉത്തരവിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച അത്തരമൊരു ഭാഗം വീണ്ടും പറഞ്ഞിട്ടുള്ളത്.

മി. സ്പീക്കർ: ഓർഡർ....ഓർഡർ.....ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരവേള അവസാനിച്ചു)